പ്രതികരണം

യു. ഷൈജു

# ഭീകരവേട്ടയും ഒരു നാടിന്റെ കൂട്ടായ്മയും

**ഈരാറ്റുപേട്ടക്കാർ തീവ്രവാദികളും ഭീകരവാദികളുമാണെന്ന രീതിയിൽ പ്രവർത്തിക്കാൻ പാടില്ലെന്ന് പോലീസിന് നിർദേശം നൽകി എന്നാണ് ആഭ്യന്തരമന്ത്രി കൊടിയേരി ബാലകൃഷ്ണൻ പറയുന്നത്. ഈ വർത്തമാനം പോലീസിനെക്കുറിച്ചും ആഭ്യന്തര വകുപ്പിനെക്കുറിച്ചും ചില ദുരൂഹതകൾ ഉണ്ടാക്കുന്നു. മന്ത്രിയുടെ നിർദേശം വരുംവരേയും തങ്ങൾക്ക് ഇഷ്ടമുള്ളതുപോലെ പ്രവർത്തിക്കാൻ പോലീസിന് സ്വാതന്ത്ര്യം നൽകിയിട്ടുണ്ടോയെന്ന് ജനങ്ങൾക്ക് തിരിച്ച് ചോദിക്കാം.**

**തീവ്രവാദി** വേട്ടയും അനുബന്ധ പോലീസ് അറസ്റ്റുകളും കേരളത്തിൽ പുതുമയല്ല. പത്രങ്ങളും ചാനലുകളും അവർ കൈകാര്യം ചെയ്തുവരുന്ന നാലാംകിട രാഷ്ട്രീയ വാർത്തകളുടെ ആവേശം ശമിക്കുമ്പോൾ തീവ്രവാദിവേട്ട, വിശിഷ്യാ മുസ്‌ലിം തീവ്രവാദിവേട്ട ഉത്സവമാക്കുന്നു. എവിടെ പടക്കം പൊട്ടിയാലും തീവ്രവാദികൾ അവിടെയുണ്ടാകുമെന്ന് പോലീസ് നിഗമനത്തിലെത്തുന്നു. അങ്ങനെയാണ് ദൽഹിയിലെ ജാമിഅ നഗറും യു.പിയിലെ അഅ്സംഗഢും കേരളത്തിലെ ആലുവയും വാഗമണും ഈരാറ്റുപേട്ടയുമൊക്കെ ഉണ്ടാകുന്നത്.

ഇതിൽ ഈരാറ്റുപേട്ടയെ കേരളത്തിലെ മാധ്യമങ്ങളും പോലീസും ഭീകരകേന്ദ്രമാക്കാൻ ശ്രമിക്കുന്നുവെന്ന പ്രദേശവാസികളുടെ ആരോപണം തെറ്റാണെന്ന് പറയാൻ വയ്യ. എറണാകുളം സിവിൽസ്റ്റേഷൻ സ്ഫോടനവുമായി ബന്ധപ്പെട്ട് ഈരാറ്റുപേട്ടയിൽ പോലീസ് നടത്തിയ പ്രകടനങ്ങൾ അതാണ് തെളിയിക്കുന്നത്. സംശയം തോന്നിയാൽ ആരെയും വിളിച്ചു വരുത്താം, ചോദ്യം ചെയ്യാം. അതിനൊക്കെ നാട്ടിൽ നിയമവും വ്യവസ്ഥയും ഉണ്ട്. എന്നാൽ കൺമുന്നിൽ കാണുന്നവരെ പോലും പാതിരാത്രിയിൽ വീട്ടിൽ എത്തി വളഞ്ഞു പിടിക്കുന്നു, എങ്ങോട്ടോ കൊണ്ടുപോകുന്നു. എന്തിനീ കാട്ടികൂട്ടലുകൾ എന്ന് ആർക്കും മനസ്സിലാകുന്നില്ല. തെരഞ്ഞു വന്നയാളുടെ വീടാണെന്ന് കരുതി മറ്റൊരാളുടെ വീട്ടിൽ കയറിയപ്പോഴാണ് പോലീസിന്റെ കള്ളി പുറത്താവുന്നത്. (തെരഞ്ഞു വന്നയാൾ പ്രതിയാണെന്ന് പോലീസിന് ഉറപ്പുമില്ല). എന്തിനാണ് ഈ 'ഭീകര' ക്രമസമാധാന പാലനം?

ഇത്തരമൊരു സംഭവം അറിയേണ്ട നിമിഷം ചാനലുകളിൽ ബ്രേക്കിംഗ് ന്യൂസുകൾ പ്രത്യക്ഷപ്പെടുന്നു; എറണാകുളം സ്ഫോടനത്തിൽ ഈരാറ്റുപേട്ടയിൽ 'തീവ്രവാദികൾ' അറസ്റ്റിൽ! ഒടുവിൽ പോലീസ് ചോദ്യം ചെയ്ത് വിട്ടയക്കുമ്പോൾ ചാനലുകളും പത്രങ്ങളും ഒന്നും കണ്ടില്ലെന്ന് നടിക്കുന്നു. മാധ്യമങ്ങളുടെ ആവേശം അബദ്ധങ്ങൾ ക്ഷണിച്ചു വരുത്തുമ്പോഴും ക്ഷമാപണം നടത്തുക എന്ന മാധ്യമധർമം അവർ നിർവഹിക്കുന്നില്ല. ദൽഹി സ്ഫോടനങ്ങളുമായി ബന്ധപ്പെട്ട് ജാമിഅ നഗറിലെ ബട്‌ല ഹൗസിൽ നിരപരാധികളായ വിദ്യാർഥികളെ പോലീസ് വെടിവെച്ചു കൊന്നപ്പോൾ ദേശീയ മാധ്യമങ്ങൾ ആദ്യം ആവേശം കൊണ്ടിരുന്നെങ്കിലും സത്യം തിരിച്ചറിഞ്ഞപ്പോൾ ദൽഹി ജേർണലിസ്റ്റ് യൂനിയൻ മാതൃകാപരമായി ഖേദപ്രകടനം നടത്തി. മലയാള മാധ്യമങ്ങൾക്ക് ഈ വിവേകം ഇല്ലാത്തത് അമ്പരപ്പുളവാക്കുന്നു.

പോലീസ് നടപടികളെകുറിച്ച് നാട്ടുകാർ ഉയർത്തുന്ന ആശങ്കക്ക് പ്രാദേശിക പേജിലെങ്കിലും ഒരു കോളം നൽകാൻ മാധ്യമങ്ങൾ തയാറാവുന്നില്ലെന്നതും ഖേദകരമാണ്. 2009 ജൂലൈ 11 അർധരാത്രിമുതൽ ഈരാറ്റുപേട്ട പുത്തൻപള്ളി ജമാഅത്ത് പ്രസിഡന്റ് കെ.ഇ പരീതുൾപ്പെടെ നിരപരാധികളായ നിരവധി ആളുകളുടെ വീടുകൾ പോലീസ് വളയുകയും ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്തു. ചിലരോട് പോലീസ് കടുത്ത ഭാഷയിൽ സംസാരിക്കുകയും സ്ത്രീക

ളോട് മര്യാദകെട്ട വർത്തമാനങ്ങൾ പറയുകയും ചെയ്തെന്ന് പ്രദേശവാസികൾ സാക്ഷ്യപ്പെടുത്തുന്നു.

സംഭവത്തിന്റെ ഗൗരവം തിരിച്ചറിഞ്ഞ് ഉണർന്നു പ്രവർത്തിച്ച ഈരാറ്റുപേട്ടയിലെ മുസ്‌ലിം ഏകോപന സമിതിയെ പ്രശംസിക്കാതിരിക്കാൻ കഴിയില്ല. ദേശസ്നേഹത്തിന്റെയും മതസൗഹാർദത്തിന്റെയും ചരിത്ര ഭൂമിയാണ് തങ്ങളുടേതെന്നും അതു തകർക്കാൻ ഒരു ശക്തിയെയും അനുവദിക്കില്ലെന്നുമാണ് ഏകോപനസമിതിയുടെ പ്രഖ്യാപനം. നിയമത്തിന് വിധേയമായി പോലീസിന് പ്രവർത്തിക്കാമെന്നിരിക്കെ അതിന് വിരുദ്ധമായ നീക്കം നടക്കുന്നതാണ് സമിതിയെ ഉൽക്കണ്ഠപ്പെടുത്തുന്നത്. സച്ചാർ സമിതിയുടെ പശ്ചാത്തലത്തിൽ രൂപീകരിക്കപ്പെട്ട മുസ്‌ലിം ഏകോപന സമിതിയിൽ ഈരാറ്റുപേട്ടയിലെ മൂന്ന് മഹല്ല് ജമാഅത്തുകളും വ്യത്യസ്ത സംഘടനകളും പ്രദേശത്തെ വ്യാപാരി വ്യവസായി ഘടകവും ഒത്തൊരുമയോടെ പ്രവർത്തിക്കുന്നത് മാതൃകാപരമാണ്. കഴിഞ്ഞ രണ്ടു വർഷമായി പ്രവർത്തിക്കുന്ന സമിതി ഈരാറ്റുപേട്ടയിലെ പോലീസ് നടപടിക്കെതിരെ ശ്രദ്ധേയ നീക്കങ്ങളാണ് നടത്തിയത്. സമിതിയുടെ സമരത്തിന് ക്ഷണിച്ചിരുന്നില്ലെങ്കിൽ കൂടി സ്ഥലം എം.എൽ.എ, പി.സി ജോർജ് ഐക്യദാർഢ്യവുമായി സ്ഥലത്തെത്തി. ഒരു ജനപ്രതിനിധി താൻ പ്രതിനിധീകരിക്കുന്ന സമൂഹത്തിന്റെ വികാരവും വേവലാതിയും കാണേണ്ടതുണ്ടെന്ന സന്ദേശം നൽകിയ എം.എൽ.എയുടെ നടപടി സ്വാഗതാർഹമാണ്. ഏകോപന സമിതി ചെയർമാൻ മുഹമ്മദ് സക്കീർ, പുത്തൻപള്ളി ജമാഅത്ത് പ്രസിഡന്റ് കെ.ഇ പരീത്, ജന. സെക്രട്ടറി കെ.കെ സാലി, മുഹിയിദ്ദീൻ പള്ളി പ്രസിഡന്റ് നാസർ കല്ലാർ, ജന. സെക്രട്ടറി സലിം കിണറ്റിൻ മൂട്ടിൽ, നൈനാർ മസ്ജിദ് കമ്മിറ്റി സെക്രട്ടറി പി.എം റഷീദ്, ഇമാമുമാരായ ഇസ്മാഈൽ മൗലവി, വി.പി സുബൈർ മൗലവി, യൂനുസ് മൗലവി എന്നിവരുടെ നേതൃത്വത്തിൽ വിവിധ സംഘടനകളുടെ പ്രതിനിധികളും ഒത്തുചേർന്നാണ് പ്രവർത്തിക്കുന്നത്.

നീതി നിഷേധത്തിനെതിരെയുള്ള ഇത്തരം പ്രതിഷേധങ്ങൾ അധികാര കേന്ദ്രങ്ങൾ മുഖവിലക്കെടുക്കേണ്ടതുണ്ട്. ഇതൊക്കെ സംഭവിക്കുന്നത് ഇടതു സർക്കാർ ഭരിക്കുമ്പോഴാണ്. ന്യൂനപക്ഷങ്ങളോടൊപ്പം നിൽക്കുന്നത് ഇടതുപക്ഷമാണെന്ന ധാരണ തിരുത്തുന്ന തരത്തിലാണ് പോലീസ് നടപടികൾ. ഈരാറ്റുപേട്ടക്കാർ തീവ്രവാദികളും ഭീകരവാദികളുമാണെന്ന രീതിയിൽ പ്രവർത്തിക്കാൻ പാടില്ലെന്ന് പോലീസിന് നിർദേശം നൽകി എന്നാണ് ആഭ്യന്തരമന്ത്രി കൊടിയേരി ബാലകൃഷ്ണൻ പറയുന്നത് (*മാധ്യമം* 2008 ജൂലൈ 18). ഈ വർത്തമാനം പോലീസിനെക്കുറിച്ചും ആഭ്യന്തര വകുപ്പിനെക്കുറിച്ചും ചില ദുരൂഹതകൾ ഉണ്ടാക്കുന്നു. മന്ത്രിയുടെ നിർദേശം വരും വരെയും തങ്ങൾക്ക് ഇഷ്ടമുള്ളതു പോലെ പ്രവർത്തിക്കാൻ പോലീസിന് സ്വാതന്ത്ര്യം നൽകിയിട്ടുണ്ടോയെന്ന് ജനങ്ങൾക്ക് തിരിച്ച് ചോദിക്കാം. പോലീസിന്റെ പ്രവർത്തനങ്ങൾ സുതാര്യവും നീതിപൂർവവുമാക്കാൻ അധികാര കേന്ദ്രങ്ങൾക്ക് കഴിയേണ്ടതുണ്ട്. ■